## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5930**     **30.07.2015-ൽ മറുപടിയ്ക്ക്**

## ഗോത്രവർഗ്ഗ കലാമേളയും പൈതൃകോത്സവും

**ചോദ്യം**
ശ്രീ.വി.റ്റി.ബൽറാം
ശ്രീ.ഹൈബി ഈഡൻ
ശ്രീ.ഷാഫി പറമ്പിൽ
ശ്രീ.പി.സി.വിഷ്ണുനാഥ്

**മറുപടി**
ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഗോത്രവർഗ്ഗ കലാമേളയും പൈതൃകോത്സവും സംഘടിപ്പിച്ചിട്ടുണ്ടോ; | എ) | ഗോത്രവർഗ്ഗ കലാമേളയും പൈതൃകോത്സവും സംഘടിപ്പിച്ചിട്ടുണ്ട്. |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) | കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള പട്ടികജാതി പട്ടികവർഗ്ഗ സമുദായക്കാരുടെ തനതു കലാരൂപങ്ങൾ ആസ്വാദകർക്ക് മുന്നിലെത്തിക്കുന്നതിനും അന്യം നിന്നു കൊണ്ടിരിക്കുന്ന ഗോത്രവർഗ്ഗ കലകൾ പരിപോഷിപ്പിക്കുന്നതിനും അവ പൊതു സമൂഹത്തിന് പരിചയപ്പെടുത്തി കൊടുക്കുന്നതിനും അതിലൂടെ ടി കലാരൂപങ്ങൾ നിലനിർത്തുന്നതിനുമാണ് ഗോത്രവർഗ്ഗ കലാമേള സംഘടിപ്പിക്കുന്നത്.<br>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സൊസൈറ്റികളായോ, കൂട്ടസംരംഭങ്ങളായോ, വ്യക്തിപരമായോ തുടങ്ങിയിട്ടുള്ള സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും ആയത് വിറ്റഴിക്കുന്നതിനുള്ള അവസരമൊരുക്കുകയും ഇതിലൂടെ ഇവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനാണ് പൈതൃകോത്സവം സംഘടിപ്പിക്കുന്നത്. |

| | | | |
|---|---|---|---|
| സി) | ഇതിന്റെ പ്രവർത്തനത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്? | സി) | എല്ലാ സാമ്പത്തിക വർഷവും സർക്കാർ നിശ്ചയിക്കുന്ന 2 ജില്ലകളിലാണ് പൈതൃകോത്സവം സംഘടിപ്പിച്ചു വരുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം പത്തനംതിട്ട, തിരുവനന്തപുരം എന്നീ ജില്ലകളിലാണ് പൈതൃകോത്സവം സംഘടിപ്പിച്ചത്. ഈ സാമ്പത്തിക വർഷം സംസ്ഥാനത്തെ രണ്ട് ജില്ലകൾ തെരഞ്ഞെടുത്ത് പൈതൃകോത്സവം സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ